## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T1143** **02.03.2017-ൽ മറുപടിക്ക്**

**ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) ചേർത്തല - തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) കേന്ദ്ര സർക്കാർ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; | (എ) & (ബി) ചേർത്തല – തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖേന ആണ് നടപ്പിലാക്കുന്നത്. ഇതിലേയ്ക്കായി പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ചേർത്തല – കഴക്കൂട്ടം നാലുവരിയാക്കുന്നതിന്റെ അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (സി) ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായി സ്ഥലം കല്ലിട്ടുതിരിക്കൽ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ദേശീയപാതയിൽ ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് തടസ്സമുണ്ടോ? | (സി) ദേശീയപാത 47 നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായി സ്ഥലം കല്ലിട്ടു തിരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസം കണക്കിലെടുത്ത് ആറ്റിങ്ങൽ പട്ടണത്തിലെ നിലവിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പൂവമ്പാറ മുതൽ മൂന്നുമുക്കുവരെയുള്ള 3 കി.മീറ്റർ ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി കരാർ നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ ആയി പൂർണ്ണമായും സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ